# കുപ്പയിലെ മാണിക്യങ്ങൾ തേടി കാം മാർഗ്ഗ്



## KARM MARG

**ശിവരാജ് 'ഉറവ്'**

വാപി റെയിൽവെസ്റ്റേഷനിലെ സാമൂഹ്യവിരുദ്ധരുടെ പട്ടികയിലായിരുന്ന ബബ്‌ലുവിന്റെ പേര്. റെയിൽവേ പോലീസിന്റെ മുന്നിൽപ്പെട്ടാൽ ക്രൂരമർദ്ദനം ഉറപ്പ്. കാരണം പോക്കറ്റടിയും അല്ലറ ചില്ലറ മോഷണവുമാണ് അവന്റെ സ്ഥിരം പരിപാടി.

ഇത് പഴയ കഥ. ഇന്ന് ബബ്‌ലുവിന്റെ മുഖം തികച്ചും വ്യത്യസ്തമാണ്. ഇന്നവൻ 'മാന്യമായ് തൊഴിൽ ചെയ്ത് ജീവിക്കുന്നു. പാഴ്കടലാസും തുണികളും ഉപയോഗിച്ച് സഞ്ചികളും ഫയലുകളും ഉണ്ടാക്കുകയാണ് അവൻ. തികഞ്ഞ സംതൃപ്തിയിലാണ് ബബ്‌ലു.

ബബ്‌ലുവിന്റെ കഥ ഒറ്റപ്പെട്ട ഒന്നല്ല. ഡെൽഹിയിലേയും മുംബെയിലേയും അമ്പതോളം തെരുവു കുട്ടികൾക്ക് പറയാനുള്ളത് സമാനമായ ജീവിതാനുഭവം തന്നെ. അവരുടെ ഈ മാറ്റത്തിനു പിന്നിലാകട്ടെ 'കാം മാർഗ്ഗ്' ഉം. 'കാം മാർഗ്ഗ്' കാണിച്ച വഴിയിലൂടെ സഞ്ചരിച്ച് ഏറെ വിലപ്പെട്ട സാമൂഹ്യസേവനം ചെയ്യുകയാണ് ഈ പഴയ 'സാമൂഹ്യവിരുദ്ധർ' ഇപ്പോൾ.

കാം മാർഗ്ഗ് - തെരുവുകുട്ടികൾക്കും ചേരി നിവാസികൾക്കുമായുള്ള ദില്ലിയിലെ സന്നദ്ധ സംഘടന. റെയിൽവേസ്റ്റേഷൻ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നു. തെരുവുകുട്ടികളെ ഏകോപിപ്പിച്ച് പാഴ്വസ്തുക്കളിൽനിന്നും ജനോപകാരപ്രദമായ നിത്യോപയോഗവസ്തുക്കൾ നിർമ്മിക്കുന്നു.

കോവളത്ത് സംഘടിപ്പിച്ചിരുന്ന "സീറോ വെയ്സ്റ്റ് " എന്ന പരിപാടിയിൽ കർമ്മയും പങ്കെടുത്തിരുന്നു. വീണ, ദേവ് എന്നിവരുടെ നേതൃത്വത്തിൽ കവിത, ബബ്‌ലു, രേഖ എന്നീ കുട്ടികളാണ് കേരളത്തിലെത്തിയത്.

തികച്ചും പ്രതീകാത്മകമായാണ് തങ്ങൾ "സീറോ വെയ്സ്റ്റ് " പരിപാടിയിൽ പങ്കാളികളാകുന്നതെന്ന് കാം മാർഗ്ഗിന്റെ ചുക്കാൻ പിടിക്കുന്ന വീണ പറയുന്നു. "സാമൂഹ്യമാലിന്യങ്ങൾ" എന്നു മുദ്രകുത്തപ്പെടുന്ന മനുഷ്യജന്മങ്ങളെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരിക എന്ന മാലിന്യനിർമ്മാർജ്ജനമാണല്ലോ കാം മാർഗ്ഗ് ചെയ്യുന്നത് " - വീണയുടെ വിശദീകരണം.

കോവളത്ത് കാം മാർഗ്ഗ് ശ്രദ്ധിക്കപ്പെട്ടതും ഈ അർത്ഥത്തിൽ തന്നെയാണ്. മാലിന്യങ്ങൾ എന്നു പറഞ്ഞ് നാം തള്ളുന്ന പലതിൽ നിന്നും പുനർനിർമ്മാണം സാധ്യമാണെന്ന ശാസ്ത്രീയമായ മാലിന്യനിർമ്മാർജ്ജനം തന്നെയത്രേ കാം മാർഗ്ഗിന്റെ രീതി. പാഴ്വസ്തുക്കളുടെ പുനരുപയോഗം സാധ്യമാക്കുന്നതോടൊപ്പം പാഴ് ജീവിതങ്ങളുടെ പുനരധിവാസവും കാം മാർഗ്ഗ് ഉറപ്പുവരുത്തുന്നു.

1997 ഫെബ്രുവരിയിൽ ന്യൂ ദില്ലി റെയിൽവേ സ്റ്റേഷനിലാണ് കാം മാർഗ്ഗിന്റെ പ്രവർത്തനം ആരംഭിച്ചത്. റെയിൽവേ സ്റ്റേഷൻ അഭയസ്ഥാനമാക്കി ജീവിക്കുന്ന തെരുവുകുട്ടികൾ ഭക്ഷണം, താമസം, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്ന ലക്ഷ്യവുമായാണ് കാം മാർഗ്ഗ് രംഗത്തിറങ്ങിയത്. പിന്നീട് ഫരീദാബാദിലേക്ക് പ്രവർത്തനം മാറ്റി. ചണം ഉപയോഗിച്ച് നിർമ്മിക്കുന്ന സഞ്ചി, കടലാസ് ബാഗ്, തുണി ഫയൽ, കൗതുകവസ്തുക്കൾ, കടലാസ് ഫയൽ എന്നിവ കാം മാർഗ്ഗ് ഉല്പാദിപ്പിക്കുന്നു. കാം മാർഗ്ഗിൽ ചേർന്ന് വിദ്യാഭ്യാസം നടത്തുന്ന കുട്ടികളാണ് ഇവയെല്ലാം നിർമ്മിക്കുന്നത്. കടകളും പ്രദർശനങ്ങളും വഴിയാണ് ഈ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നത്. മുംബൈയിലും ഡെൽഹിയിലും പ്രവർത്തിക്കുന്ന 'പീപ്പിൾ ട്രീ' എന്ന സംഘടനയും വിപണനത്തിന് സഹായിക്കുന്നുണ്ട്. കറ



*chand taroon ko choone ki asha*

ച്ച് വിദേശങ്ങളിലും വിൽക്കുന്നു.

മാസം പതിനയ്യായിരം മുതൽ അമ്പതിനായിരം വരെ രൂപയുള്ള വില്പന നടക്കുന്നതായി വീണ പറയുന്നു. സീസണിൽ ആവശ്യാനുസരണം കൂടുതൽ ഉല്പാദിപ്പിക്കാറുണ്ട്. വരുമാനത്തിന്റെ 70% കുട്ടികൾക്കു തന്നെ ലഭിക്കുവാൻ കാം മാർഗ്ഗ് ശ്രദ്ധിക്കുന്നുണ്ട്. മാസം ആയിരം രൂപ മുതൽ അയ്യായിരം രൂപ വരെ ഇതിലൂടെ നേടുന്നവരുണ്ടത്രേ. അഞ്ചുവർഷം മുൻപുവരെ പോക്കറ്റടിക്കാരായിരുന്ന പലരും ഇപ്പോൾ ഇത്തരം നിർമ്മാണങ്ങളുടെ സ്വതന്ത്രയൂണിറ്റ് നടത്തുന്നു. വിവാഹിതരായ അവർ സന്തുഷ്ട കുടുംബജീവിതം നയിക്കുന്നു.

എന്നാൽ കാം മാർഗ്ഗിന്റെ സേവനം ഇതിലൂടെ പൂർത്തിയാകുന്നില്ല. പ്രവർത്തനശൈലി കൂടി അടുത്തറിയുമ്പോഴേ ഈ സംഘടനയെക്കുറിച്ചുള്ള വിലയിരുത്തൽ പൂർത്തിയാകൂ. കാം മാർഗ്ഗിൽ ചേർന്ന് പ്രവർത്തിക്കുമ്പോഴും തങ്ങൾക്കിഷ്ടമുള്ള രീതിയിൽ ജീവിക്കാൻ കുട്ടികൾക്ക് സ്വാതന്ത്ര്യമുണ്ട്. മുൻകാലങ്ങളിൽ ചെയ്തിരുന്നത് തുടരാനാം. സ്ഥിരമായി കാം മാർഗ്ഗിൽ പ്രവർത്തിക്കണമെന്നും നിർബന്ധമില്ല. എപ്പോൾ വേണമെങ്കിലും ചേരാം, വിട്ടുപോകാം !

എന്നിട്ടും കാം മാർഗ്ഗ് അനിവാര്യമാകുന്നതെങ്ങനെയെന്ന് ബബ്‌ലുവിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ മനസ്സിലാകും. " അല്ലറചില്ലറപ്പണിയിലൂടെ 400 രൂപയോളം ലഭിച്ചിരുന്ന എനിക്ക് ഇപ്പോൾ ദിവസം 100 രൂപ മാത്രമേ ലഭിക്കുന്നുള്ളൂ. പക്ഷേ ഇവിടെ എനിക്ക് മറ്റു ചിലത് ലഭിക്കുന്നു. വിലമതിക്കാനാവാത്ത ചിലത് : സ്നേഹം, അംഗീകാരം, വിശ്വാസം."

തെരുവുജീവിതങ്ങൾ മാലിന്യങ്ങളല്ലെന്നും സമൂഹപുരോഗതിക്ക് അവരുടേതായി പലതും ചെയ്യാനുണ്ടെന്നും ബോധ്യപ്പെടുത്തിക്കൊടുക്കുന്നു എന്നതുതന്നെയാണ് കാം മാർഗ്ഗിന്റെ വിജയം - ഈ 'പാഴ്ജന്മങ്ങൾക്കു' മാത്രമല്ല; 'സാംസ്കാരിക സമൂഹ'മെന്ന് മേനി നടിക്കുന്നവർക്കും.

കാം മാർഗ്ഗിന്റെ വിലാസം

Karm Marg, 45,Dulmohar Park, New Delhi-110 049